LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപ്പന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. വിൽപ്പന നികുതി നിയമപ്രകാരം വിൽപ്പനയിന്മേൽ നികുതി നിശ്ചയിക്കുവാനുള്ള അധികാരം സംസ്ഥാന സർക്കാരിന് മാത്രമാണ്. ടി നിയമമനുസരിച്ച് പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും വിൽപ്പന നികുതിനിരക്ക് നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ടി ഉൽപന്നങ്ങളെ ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാന വിൽപ്പന നികുതി നിയമത്തിന്റെ പരിധിയിൽനിന്നും ടി ഉൽപ്പന്നങ്ങൾ പുറത്താകുകയും സംസ്ഥാനത്തിന് സ്വതന്ത്രമായി നികുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം നഷ്ടമാകുകയും ചെയ്യും.

(ബി) ധനകാര്യ കമ്മീഷനെ ഉപയോഗിച്ച് സംസ്ഥാനത്തിന് അർഹമായി ലഭിക്കേണ്ട നികുതി വിഹിതത്തിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതത്തിലും കുറവുവരുത്തുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ പ്രധാന വരുമാനസ്രോതസ്സായ പെട്രോളിയം ഉൽപ്പന്നങ്ങളിന്മേൽ നികുതി ചുമത്താനുള്ള അധികാരം കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നത് സംസ്ഥാനത്തെ വികസന-ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ?

പെട്രോളിയം ഉൽപ്പന്നങ്ങളെ ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ ഉൾപ്പെടുത്തുന്നതിലൂടെ നികുതിനിരക്കിൽ കുറവുവരുന്ന സാഹചര്യമുണ്ടായാൽ സംസ്ഥാനത്തെ വികസന-ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്.

(സി) ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തികാശ്രിതരായി മാറ്റാനുള്ള ശ്രമത്തിനെതിരെ ജി.എസ്.ടി. കൗൺസിലിൽ ശക്തമായ നിലപാട് സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്.

സഹകരണ വായ്പ തിരിച്ചടവിന് സാവകാശം

28 (*58) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സഹകരണ ബാങ്കുകളിൽനിന്ന് ലോൺ എടുത്തവർ അവ തിരിച്ചടയ്ക്കുന്നതിൽ പ്രയാസം നേരിടുന്നത് പരിഗണിച്ച് വായ്പാതിരിച്ചടവിന് ജപ്തി നടപടികൾ ഒഴിവാക്കുന്നതിനും സാവകാശം അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കോവിഡ് പശ്ചാത്തലത്തിൽ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് ജപ്തി നടപടികളിലും തിരിച്ചടവിൽ സാവകാശം അനുവദിക്കുന്നതിലും സഹകരണ ബാങ്കുകൾ പരമാവധി ഇളവുകൾ നൽകിവരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും ഇളവുകളോടെ വായ്പകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ മറ്റ് സഹകരണ സ്ഥാപനങ്ങളിൽ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും വ്യവസ്ഥകൾക്ക് വിധേയമായി പലിശയിൽ 50% വരെ ഇളവുകൾ അനുവദിച്ചും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുന്ന സഹകരണ സംഘം രജിസ്ട്രാറുടെ 32/2021 സർക്കുലർ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ബി) സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തവർക്ക് കോവിഡ് പശ്ചാത്തലത്തിൽ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ?

സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തവർക്ക് കോവിഡ് പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് " നവകേരളീയം കുടിശ്ശിക നിവാരണം- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി-2021" നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം സാധാരണ പലിശനിരക്കിൽ പലിശ കണക്കാക്കുന്നു. എല്ലാ വായ്പകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി വായ്പകളിൽ 50% വരെ പലിശ ഇളവ് അനുവദിക്കുന്നു. അർഹരായവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി മുതലിൽ ഇളവ് അനുവദിക്കുന്നു.

(സി) സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് തിരിച്ചടവിൽ ഒരു വർഷത്തേയ്ക്ക് പ്രിൻസിപ്പൽ തുക ഒഴിവാക്കി പലിശ മാത്രം അടയ്ക്കുന്നതിന് അനുമതി നൽകുമോ; വിശദാംശം നൽകുമോ?

സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് തിരിച്ചടവിൽ ഒരു വർഷത്തേയ്ക്ക് പ്രിൻസിപ്പൽ തുക ഒഴിവാക്കി നൽകുന്നത് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ അപ്രകാരം ഒരു പദ്ധതി നടപ്പിലാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.